# അക്കാദമിക
# മാസ്റ്റർപ്ലാൻ
## 2025-26

എൽ.എം.എസ്. യു.പി.എസ്.
കോട്ടുക്കോണം

# അക്കാദമിക
# മാസ്റ്റർപ്ലാൻ
# 2025-26

**എൽ.എം.എസ്. യു.പി.എസ്.**

**കോട്ടുക്കോണം**

# ആമുഖം

നവ കേരളമിഷന്റെ ഭാഗമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതു വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ പദ്ധതി തയ്യാറാക്കുന്നത്. അത് ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അപ്രകാരം 2022-23 അധ്യായനവർഷത്തിൽ എം.എം.എസ്.യു.പി.എസ്. കോട്ടുക്കോണം വിദ്യാലയത്തിലെ ഒന്നുമുതൽ ഏഴാം ക്ലാസുവരെയുള്ള എല്ലാ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരവുമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിന് വേണ്ടി തയ്യാറാക്കുന്ന കർമ്മപദ്ധതിയിൽ ഭാഷ, ശാസ്ത്രം, ചരിത്രം, ഗണിതം എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്. രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിലാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. കുട്ടികളിലെ പഠനവിടവുകൾ നികത്തുകയും പഠന പ്രവർത്തനങ്ങൾ കൂടുതൽ ആസ്വദിക്കുന്ന രീതിയിലാണ് ഈ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പൊതുജനങ്ങളുടെയു പിന്തുണകൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്ന് കൊണ്ടെയിരിക്കുവാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം അതിന് കരുത്ത് പകരാൻ ഏറെ സഹായകമായ രീതിയിൽ തന്നെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ.

പി.ടി.എ. പ്രസിഡന്റ് ഹെഡ്മിസ്ട്രസ്

# അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എൽ.എം.എസ്. യു.പി.എസ്. കോട്ടുക്കോണം |
| മേൽവിലാസം | : | കോട്ടുക്കോണം, എള്ളുവിള പി.ഒ., പിൻ - 695504 |
| ഫോൺ | : | |
| സ്കൂൾ കോഡ് | : | 44552 |
| വിദ്യാഭ്യാസ ജില്ല | : | നെയ്യാറ്റിൻകര |
| റവന്യൂ ജില്ല | : | തിരുവനന്തപുരം |
| ബി.ആർ.സി. | : | പാറശ്ശാല |
| സി.ആർ.സി. | : | കുന്നത്തുകാൽ |
| ഗ്രാമപഞ്ചായത്ത് | : | കുന്നത്തുകാൽ |
| ബ്ലോക്ക് പഞ്ചായത്ത് | : | പെരുങ്കടവിള |
| ജില്ലാപഞ്ചായത്ത് | : | തിരുവനന്തപുരം |
| നിയമസഭാമണ്ഡലം | : | പാറശ്ശാല |
| ലോകസഭാമണ്ഡലം | : | തിരുവനന്തപുരം |
| താലൂക്ക് | : | നെയ്യാറ്റിൻകര |
| വില്ലേജ് | : | കുന്നത്തുകാൽ |
| ഇ-മെയിൽ വിലാസം | : | lmsupsk@gmail.com |
| സ്കൂൾ വിക്കി | : | 44552 |

# വിദ്യാലയചരിത്രം

ഏകദേശം 106 വർഷങ്ങൾക്കു മുമ്പ് കോട്ടുക്കോണം കുരുവിയോട് കുടുംബത്തിലെ മോശാവാദ്ധ്യാർ തന്റെ ഭവനത്തോട് ചേർന്ന് ഒരു കുട്ടിപ്പള്ളി ക്കൂടം നടത്തിവരുന്നു. നിരക്ഷരരും നിരാലംബരും അന്ധവിശ്വാസികളും ആയ നാനാജാതിമതസ്ഥർക്ക് വിജ്ഞാനത്തിന്റെ കതിർ വീശുവാൻ ഈ കുടിപ്പള്ളി ക്കൂടത്തിന് കഴിഞ്ഞു.

1903 നോടടുത്തുള്ള കാലഘട്ടത്തിൽ ഈ നാട്ടിലെത്തിയ വിദേശി മിഷ്ണറിയായ ഫോസ്റ്റർ കോട്ടുക്കോണം ഭാഗത്ത് ഒരു എൽ.എം.എസ്. സഭ സ്ഥാപിക്കുകയുണ്ടായി. ഫോസ്റ്റർ മിഷണറിയുടെ ആലോചനപ്രകാരം 1907-ൽ മോശ വാദ്ധ്യാർ തന്റെ കുടി പള്ളിക്കൂടത്തെ കോട്ടുക്കോണം പള്ളിയോട് ചേർത്ത് നടത്തുവാൻ മാറ്റി സ്ഥാപിച്ചു. സ്കൂൾ സ്ഥാപിതമായ തീയതി വ്യക്ത മല്ലെങ്കിലും ഡിസംബർ മാസത്തിലാണ് ഈ സ്കൂൾ ആദ്യമായി പ്രവർത്തന മാരംഭിച്ചത്. അന്ന് ഈ പള്ളിക്കൂടത്തെ മിഷൻ സ്കൂൾ എന്ന പേരിലറിയപ്പെ ട്ടു. അവിടെ നിന്നുമാണ് എൽ.എം.എസ്.യു.പി.എസ്.സ്കൂളിന്റെ ചരിത്രം ആരം ഭിക്കുന്നത്.

ഈ സ്കൂളിന്റെ ആദ്യ അധ്യാപകൻ മോശാവാദ്ധ്യാരാണ്. ഈ മിഷൻ സ്കൂൾ ആദ്യമായി ചേർന്നു പഠിച്ച വിദ്യാർത്ഥി നിലമാംമൂടിലെ മോശ നാടാ രാണ്. രണ്ടാമത്തെ വിദ്യാർത്ഥി കടവിള ഗർഷവൻ ആണ്. നീണ്ട 59 വർഷം ഒരു എൽ.പി.സ്കൂളായി നിലനിന്നിരുന്ന ഈ സരസ്വതി ക്ഷേത്രത്തെ 1963-ൽ ഒരു യു.പി.സ്കൂളായി അപ്ഗ്രേഡ് ചെയ്തു. ഇതിനുവേണ്ടി അശ്രാന്തമായി പരി ശ്രമം ചെയ്തത് ബഹുമാനപ്പെട്ട മോശവാദ്ധ്യാരുടെ മകനായ നേശൻ സാറാ ണ്. ആ സമയത്ത് ഇന്ന് സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ മിഷൻ വാങ്ങു കയും ഇന്നത്തെ സ്കൂൾ കെട്ടിടങ്ങളുടെ വലതുഭാഗത്ത് കാണുന്ന 'സി' ആകൃ തിയിലുള്ള കെട്ടിടം പണിയുകയും ചെയ്തു.

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. 'ഓരോ കുട്ടിയും ഒന്നാമത്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും പരിശീലനവും ലഭ്യമാക്കും.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

5. ആധുനിക വിവരസാങ്കേതിക വിദ്യകൾ ഏറ്റവും മെച്ചപ്പെട്ട തരത്തിലാക്കും.

6. സയൻസ്, കംപ്യൂട്ടർ ലാബുകൾ ആധുനികവത്കരിക്കും.

7. പ്രീ- സ്കൂൾ മുതൽ 7-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്കുഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

8. 'വിദ്യാലയ പാഠപുസ്തകം' എന്നാശയം മുൻനിറുത്തി അറിവ് നിർമ്മണ ഇടങ്ങളായി വിദ്യാലയപരിസരങ്ങൾ മാറും.

9. ജൈവവൈവിദ്ധ്യകലവറയായി വിദ്യാലയത്തെ മാറ്റുക.

10. ഹരിതപെരുമാറ്റച്ചട്ടം പാലിച്ച സമ്പൂർണ്ണപ്ലാസ്റ്റിക്നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ

11. ഹരിതസേന രൂപീകരിക്കൽ

12. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘടനകൾ രൂപീകരിക്കൽ.

13. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

# അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| * അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം. | * മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |
| * കഴിഞ്ഞ പത്ത് വർഷമായി തുടർച്ചയായി എല്ലാവർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധന. | * വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നല്കുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. |
| * മികച്ച ലൈബ്രറി, കംപ്യൂട്ടർ പഠന സൗകര്യം. | * മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കേണ്ടതുണ്ട്. |
| * ഓരോ കുട്ടിയും ഒന്നാമനാണ്. പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു. | * ഐ.ടി. അധിഷ്ഠിതം എന്ന നിലയിലേയ്ക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാൻ അധ്യാപകർക്ക് സാധിച്ചിട്ടില്ല. |
| * കലാപഠനം പ്രവൃത്തി പരിചയപഠനം കായികപഠനം എന്നിവയ്ക്ക് മികച്ച അദ്ധ്യാപകസേവനം. | * കുട്ടികളുടെ പഠനപിന്നാക്കാവസ്ഥ പരിഹരിക്കേണ്ടതുണ്ട്. |
| * വ്യക്തിത്വവികസനം, ആത്മവിശ്വാസം വളർത്തൽ എന്നിവ ലക്ഷ്യംവെച്ച് നടപ്പാക്കി വരുന്ന പദ്ധതികൾ. | * IED കുട്ടികളുടെ പഠനപിന്തുണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. |
| * മികച്ച പ്രീ - സ്കൂൾ വിദ്യാഭ്യാസം | |
| * പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയ മികവുറ്റ രീതിയിൽ നടപ്പാക്കുക. | |

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.

3. കുട്ടികളിൽ രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

4. ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

5. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക.

7. മികച്ചവായനാശീലം വളർത്തുക.

# ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക.

4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക.

6. നാടകീകരണം

7. കവിതാലാപനം

8. സംവാദ സദസ്സുകൾ

9. സംഭാഷണങ്ങൾ എന്നിവ സംഘടിപ്പിക്കുക.

# ഹിന്ദി

1. ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വർദ്ധിപ്പിക്കുക.

2. ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക.

4. സംവാദത്തിന് തയ്യാറാക്കുക.

5. തിയേറ്ററുകൾ.

6. കവിതാസ്വാദനം.

# ശാസ്ത്രം

1. ശാസ്ത്രപഠനത്തിന് താൽപ്പര്യം വളർത്തുക.

2. ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക.

3. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.

4. ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

5. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.

6. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

7. ആധുനിക ശാസ്ത്രസാങ്കേതികവിദ്യാസാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹ്യശാസ്ത്രം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിതസംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവത്കരണ പരിപാടികൾ.

## ഗണിതം

1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവന ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ.ടി.സാധ്യത പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്ര്യമായും നിർഭയമായും കംപ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം, മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ ടൈപ്പിംഗ് പ്രാവീണ്യം ഉറപ്പാക്കൽ

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽ നിന്നും പഠനോപകരണങ്ങളോ, പ്രയോജനപരമായ

ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

3. ഇതര വിഷയങ്ങളുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യകായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

# ഭാഷ

| മാസം | പ്രവർത്തനങ്ങൾ | തീരഞ്ഞെ യൂണിറ്റുകൾ | സാധ്യായ ദിനങ്ങൾ |
|---|---|---|---|
| ജൂൺ | • അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാശനം<br>• പ്രവേശനോത്സവ ദിനം<br>• ക്ലാസ് പിടിഎ തീയതികൾ (തീയതി എഴുതിച്ചേർക്കണം)<br>• നിർവഹണ ഉദ്ഘാടനം (തീയതി)<br>• പഠനോപകരണം നിർമ്മാണ ശില്പശാല (തീയതി)<br>• ക്ലാസ് വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരണം (തീയതി)<br>• ഡോക്യുമെന്റേഷൻ തുടക്കം | എന്റെ കേരളം<br>ഒരു അവധിക്കാലത്തു<br>Bruno The Puppy | 20 |
| ജൂലൈ | • പഠനോപകരണം നിർമ്മാണ ശില്പശാല രണ്ട് (തീയതി എഴുതിച്ചേർക്കുക)<br>• സംയുക്ത ഡയറി ആരംഭിക്കൽ<br>• ക്ലാസ് പിടിഎ യോഗം വിലയിരുത്തൽ | എന്റെ കേരളം<br>കുട്ടിപ്പുര<br>ഒരു അവധിക്കാലത്തു<br>കളിവീട്<br>Flying Kites | 20 |
| ആഗസ്റ്റ് | • പഠനോപകരണ നിർമ്മാണ ശില്പശാല 3 (തീയതി) പ്രവർത്തനങ്ങൾ എഴുതി ചേർക്കുക<br>• രചനോത്സവം<br>• പാഠങ്ങളിൽ നിന്നും ബാലസാഹിത്യകൃതികളിലേക്ക് ക്ലാസ് പി.ടി.എയിൽ കുട്ടികളുടെ തൽസമയ പ്രകടനങ്ങൾ<br>• വായനോത്സവം | കുട്ടിപ്പുര<br>നാടിനെ രക്ഷിച്ച വീരബാഹു<br>കളിവീട്<br>അധികമായാൽ<br>The Mother Tree | 15 |

# ഒന്നാം ടേം ക്ലാസ് പി.ടി.എ അജണ്ട

| മാസം | അക്കാദമിക ഉള്ളടക്കം | മുന്നൊരുക്കം |
|---|---|---|
| ജൂൺ | • പഠനോപകരണ നിർമ്മാണ ശില്പശാല<br>• സചിത്ര നോട്ടുബുക്ക്<br>• കുട്ടികളെ ഉൾപ്പെടുത്തിയുള്ള ക്ലാസുകൾ (പ്രക്രിയ ബോധ്യപ്പെടുത്തൽ )<br>• ഈ മാസം കുട്ടികൾ നേടേണ്ട ശേഷികൾ<br>• രക്ഷിതാക്കളിൽ നിന്നും പ്രതീക്ഷിക്കുന്ന സഹായരീതി | • എസ് ആർ ജി യോഗം<br>• ചുമതലാ വിഭജനം<br>• എസ്.എം.സി / പി.ടി.എ യോഗം<br>• നിർമാണ ശില്പശാലക്കാവശ്യമായ സാധന സാമഗ്രികൾ ഒരുക്കൽ |
| ജൂലൈ | • അക്കാദമികം<br>• ഡയറിയെഴുത്ത്<br>• സചിത്ര നോട്ടുബുക്ക് വിശകലനം<br>• കുട്ടികളുടെ വായനയും എഴുത്തും പുരോഗതി പിന്തുണ | • എസ് ആർ ജി<br>• സി പി ടി എ<br>• ഓൺലൈൻ സി പി ടി എ |
| ആഗസ്റ്റ് | • വായനോത്സവം<br>• രചനോത്സവം<br>• താത്സമയ വിലയിരുത്തൽ | • വായനമൂല ഒരുക്കൽ<br>• ക്ലാസ്സ് ലൈബ്രറി ശാക്തീകരണം |

കുട്ടികളുടെ പൊതു പഠന നിലവാരം രക്ഷിതാക്കൾക്ക് വിലയിരുത്താനുതകുന്ന പ്രവർത്തനങ്ങൾ cpta യിലൂടെ സാധ്യമാകണം .ആശയാവതരണ രീതിയിലൂടെ കുട്ടി ഭാഷാ ശേഷികൾ നേടുന്നതിന്റെ നേരനുഭവ പ്രവർത്തനങ്ങൾ ഒരുക്കണം പഠനോപകരണ ശില്പ ശാല എന്തിനു എന്ന് ഓരോ രക്ഷിതാവിനും ബോധ്യപ്പെടണം .

## ഭാഷ

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| # ആശയാവതരണ രീതിയിലൂടെ ഭാഷാനുഭവങ്ങൾ ഒരുക്കുക .<br><br>#ആശയാവതരണ സമീപനത്തിലൂടെ ഭാഷാ പഠനത്തിൽ ഓരോ കുട്ടിക്കും ആവശ്യമായ പിന്തുണ ഉറപ്പു വരുത്തുക .<br><br>#എല്ലാ കുട്ടികളും ആശയം ഉൾക്കൊണ്ട് സ്വതന്ത്ര വായനക്കാരാവുക .<br><br>#നേടിയ ആശയങ്ങൾ സ്വതന്ത്രമായി എഴുതി പ്രകടിപ്പിക്കാനുള്ള ശേഷി കൈവരിക്കുക .<br><br>#സ്വയം വിലയിരുത്താനും പരസ്പരം വിലയിരുത്താനും കുട്ടിക്കു അവസരം ഉണ്ടാക്കികൊടുക്കുക .<br><br>#സംയുക്ത ഡയറി ,സ്വതന്ത്ര ഡയറി | #എസ് ആർ ജി മീറ്റിംഗ്<br>#പ്രവേശനോത്സവം<br>#cpta മീറ്റിംഗ്<br>#സന്നദ്ധത പ്രവർത്തനങ്ങൾ<br>#ലോക പരിസ്ഥിതി ദിനം<br>#പാഠം അവതരണം -എന്റെ കേരളം<br>#സചിത്ര നോട്ട് ബുക്ക് തയ്യാറാക്കൽ<br>#പഠനോപകരണ ശില്പ ശാല<br>#സംയുക്ത ഡയറി<br>#ക്ലാസ്സ് ലൈബ്രറി ശാക്തീകരണം<br>#വായനോത്സവം<br>#അമ്മ വായന<br>#വായനാ മത്സരം<br>#രചനോത്സവം<br>#രൂപീകൃത പാഠങ്ങളിൽ നിന്നും ബാല സാഹിത്യ കൃതികളിലേക്കു<br>#ബാല സാഹിത്യ കൃതികൾ പ്രകാശനം<br>#cpta യോഗം<br>#ഡയറി വിലയിരുത്തൽ ('അമ്മ ഡയറി ,സംയുക്ത ഡയറി )<br>#സചിത്ര നോട്ട് ബുക്ക് അവലോകനം ,പ്രദർശനം | 30-05-2025<br>01-06-2025<br>ജൂൺ 1 to 15<br>ജൂൺ -5<br>ജൂൺ -6<br>ജൂൺ -19<br>ജൂൺ --29 |

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| #സ്വതന്ത്ര വായന ഉറപ്പാക്കുക | #കുഞ്ഞു പുസ്തകങ്ങൾ , വായന കാർഡുകൾ | |
| | #എന്റെ നാടിനെ കുറിച്ച് വിവരണം എഴുതൽ | ജൂലായ് ആദ്യ വാരം |
| #സ്വായത്തമാക്കിയ ആശയങ്ങൾ ഉൾകൊള്ളിച്ചു സ്വതന്ത്ര രചന | **കുട്ടിപ്പുര** | |
| | #വിവിധ തരം വീടുകൾ പട്ടണ നിർമാണം | |
| #എന്റെ കേരളം യൂണിറ്റ് ടെസ്റ്റ് | | ജൂലായ് രണ്ടാം വാരം |
| | #നിരന്തര വിലയിരുത്തൽ കണ്ടെത്തലുകൾ രക്ഷിതാക്കളുമായി പങ്കുവെക്കൽ | |
| #വിവിധ തരം വീടുകൾ ict | #വിവിധ തരം വീടുകൾ -വീഡിയോ പ്രദർശനം | |
| #കുട്ടികളുടെ സ്വതന്ത്ര സർഗാത്മക കഴിവുകളുടെ അവതരണം | #ബാല സഭ (സാഹിത്യ സമാജം ) | ഓഗസ്റ്റ് ആദ്യ വാരം<br>എല്ലാ ശനി ദിവസങ്ങളിലും |
| #ക്ഷണക്കത്തു തയ്യാറാക്കൽ | #സവിത്രിക്കുട്ടി കുട്ടിപ്പുരയുടെ ഗൃഹ പ്രവേശ ക്ഷണക്കത്തു തയ്യാറാക്കൽ | ഓഗസ്റ്റ് -16 |
| #സ്വതന്ത്ര വായന | #ഈ തെറ്റിനു ശിക്ഷയില്ല | |
| #നിരന്തര വിലയിരുത്തൽ രേഖപ്പെടുത്തൽ | #സഹിതം പോർട്ടലിൽ കുട്ടികളുടെ നിലവാരം രേഖപ്പെടുത്തൽ | |
| #യൂണിറ്റ് ടെസ്റ്റ് | #കുട്ടിപ്പുര -യൂണിറ്റ് ടെസ്റ്റ് ,പിന്തുണ പ്രവർത്തനങ്ങളും | ഓഗസ്റ്റ് -30 |

| | |
|---|---|
| ശില്പശാല ഒന്ന്<br>യൂനിറ്റ് 1<br>പഠനോപകരണങ്ങൾ | പഠനോപകരണ ശില്പശാലയിലേക്ക് വേണ്ട സാമഗ്രികളുടെ വിവരങ്ങൾ<br><br>ശില്പശാല<br><br>യൂണിറ്റ് 1, എന്റെ കേരളം<br><br>തയ്യാറാക്കേണ്ട പഠനോപകരണങ്ങളുടെ പേര്, എണ്ണം<br><br>മൂന്ന് കുട്ടികൾക്കാവശ്യമായ എണ്ണമാണ് നൽകിയിരിക്കുന്നത്. ആകെ കുട്ടികളുടെ എണ്ണം കണക്കാക്കി ആവശ്യമുള്ള മെറ്റീരിയലുകൾ കരുതേണ്ടത്.<br><br>ഒന്നാം ശില്പശാല<br><br>പൊതുവായ സാമഗ്രികൾ<br>കറുത്ത അ4 വെലലര കുട്ടിക്ക് ഒന്ന് വീതം<br><br>വ്യത്യസ്ത വാഹനങ്ങളുടെ സ്റ്റിക്കർ 5 കുട്ടിക്ക് ഒരു ജമസര എന്ന ക്രമത്തിൽ<br>പശ 5<br>കത്രിക 5<br>ക്രയോൺ സ് 5<br>, സ്കെച്ച് 3<br>ചാർട്ട് 5 കുട്ടികൾക്ക് ഒന്ന് എന്ന ക്രമത്തിൽ<br><br>വിവിധ ഉയരത്തിലും വലുപ്പത്തിലുമുള്ള ഒഴിഞ്ഞ കൂടുകൾ (ഉദാ: ബിസ്കറ്റ് packet , colget paket…)<br>നീല, പച്ച, മഞ്ഞ, ചുവപ്പ്, കറുപ്പ് നിറത്തിലുള്ള അ4 sheet paper. (നീല 3 കുട്ടിക്ക് ഒന്ന് എന്ന ക്രമം)<br>മറ്റുള്ളവ രണ്ട് mixed Packet മതി.<br><br>ചിത്രങ്ങൾ നോട്ട്ബുക്കിൽ ഒട്ടിക്കാൻ പാകത്തിൽ വെട്ടി കൃത്യമാക്കണം<br><br>ഫ്രെയിം 1<br><br>1 പുഴ (കട്ടൗട്ട് 1)<br>നീല A4 sheet - 1<br>2 മരം (മേലാപ്പ് )വ്യത്യസ്ത രൂപങ്ങളിൽ ( A4 പേപ്പർ വ്യത്യസ്തപച്ച നിറം) 1 ഒരു ഷീറ്റിൽ 3 പേർക്കുള്ളത് വെട്ടാം<br><br>3 പൂക്കൾ ചുവപ്പ്, മഞ്ഞ പിങ്ക് കളർ അ4 sheet പകുതി വീതം മതി<br><br>ഫ്രെയിം 2<br><br>കാട്ടുചോലയുടെ ചിത്രം (B&W) A4 പ്രിന്റ് ഒരു കുട്ടിക്ക് ഒന്ന്<br>ക്രയോൺസ് ഒരു പാക്കറ്റ് }<br>കത്രിക 1 } - ഒരു ടീമിന് ഒന്ന്<br><br>ഫ്രെയിം 3<br>കടൽ കളർ അ4 പ്രിന്റ് കുട്ടിക്ക് ഒന്ന് വീതം<br><br>ഫ്രെയിം 4<br>കായൽ കളർ അ4 പ്രിന്റ്<br><br>5<br>വയൽ ചിത്രം<br>ആ & ണ ആയാലും മതി കളർ നൽകണം |

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | സെപ്തംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ SRG SMC സ്കൂൾ വികസന സമിതി. | SMC |
| | 2) അമ്മ പറയട്ടെ അമ്മമാർ കുട്ടി കഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ SRG മദർ പി.ടി.എ. | മദർ പി.ടി.എ. |

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് – II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | [illegible]<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയിലൊണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

# മലയാള ഭാഷ (Std IV)

| | | | | |
|---|---|---|---|---|
| മധുരം മലയാളം | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| കണ്ടറിയാം... കേട്ടറിയാം... | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| രുചിച്ചറിയാം... | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| കലക്കൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| സർഗ്ഗോത്സവം | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# English

| Objectives | Activities | Duration |
|---|---|---|
| # To encourage active listening and speaking skills.<br># To develop an English atmosphere that the children are engaging.<br># To expand vocabulary for improved communication and comprehension.<br># Ensure fluency in reading and writing.<br># To enquip students with effective written communication skills.<br># To establish a solid understanding of language elements.<br># To develop a love for reading and literature.<br># To develop children's own stories and drafting books.<br># To develop the language in day- today life. | **Bruno The Puppy**<br>#story #song #conversation<br>#thought # description # role play<br># concept maps # drawing vegetables<br># description on vegetables<br># riddles # giving directions to reach places<br># reading cards # sequence the story<br># projects on vegetables # vegetables printings | June |
| | **Flying Kites**<br># story #song # dialogues # conversations<br># description # making a kite<br># identifying the colours in rainbow<br># drawing,colouring and describing a bird<br># writing conversation<br># participate in theatre games | July |
| | **The Mother Tree**<br># story<br># song<br># description<br># conversations | August |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമാ പ്രദർശനം | മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരി ക്കുവാനുള്ള അവസരമൊരു ക്കൽ | Let's talk…… പ്രതിഭാധനരുമായി സംവദിക്കൽ.<br>English ബാലസഭ.<br>ഇംഗ്ലീഷ് അസംബ്ലി<br>One day English | മൂന്ന് മാസ ത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന - ആശയ മറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | | |
| | വാർത്താവായനാ മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | | |
| | വായനാക്യാമ്പുകൾ | 3 മാസത്തിൽ ഒന്ന് | | |
| | ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച് | | |

# English – Std IV

| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| ഇംഗ്ലീഷ് മാഗസിൻ | | | | |
| സർഗാത്മകതാ രചനാശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

| Sl. No. | Name | Description | Period |
|---|---|---|---|
| 1 | English Challenge | We can created an. English atmosphere. Speak simple English sentences Frequently. Uses simple questions and lead to jokes. Prepare some story cards and short videos of its reading. Share them in WhatsApp group. Celebrate a day in a week as English day. Paste some English words on walls, doors, shelf, benches, desks, tables etc. Makes use of some action songs and games also. | June to March |
| 2 | English Assembly | Listening - Teacher talk speaking - Prayers, pledge, news, riddles diary quotes of eminent leaders readers theatre etc. | June to March |
| 3 | Speech bubbles | Give chances to filling speach. bubbles - egg - Isac and Dilna. Gives more chances in the next coming units also. | From June 2nd onwards |
| 4 | Mew | New words are introducing through pictures and appropriate sentences in different context to get its meaning. Students have to keep them in notebooks as my English World. | |
| 5 | Read and rejoice | Tells simple English stories with proper actions and voice modulations. Gives more stories having great values like brave, unity, kindness honesty etc.... for reading. | Once in a week |
| 6 | Picture diary | Experience sharing and writing diary with suitable pictures | from the end of June to March |
| 7 | Hai English (English Club) | Various club activities Eg: Reader's theature | July to February |
| 8 | My notice | Exhibits model notices Leads to discussion and prepare school notices about major activities | June last week |
| 9 | Digi task | Teacher and students are calling each other through mobile phones shares feelings thoughts and events in English | Frequently |
| 10 | Picture dictionary (world of words) | At the end of each unit collect words, recorder them and create a picture dictionary. | At the end of each unit. |
| 11 | Creative space | Provide students with a set of story- related pictures. They should sequence the events and develop a meaningful story based on them | Sargavela Periods |
| 12 | Description | Gives different pictures to prepare a description (Describing words are introducing occasionally) | July |
| 13 | Riddles riddles | Teacher asks some riddles, eliciting peculiarities of a riddle and gies 'riddles making as a group work. | July |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കൈയെഴുത്ത് | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br>വായനാവേള ഒരുക്കൽ<br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫെസ്റ്റ് | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | | |

# ഗണിതം

# ഗണിതം

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| #ഒരു നിശ്ചിത സംഖ്യയിൽ നിന്നും ക്രമമായി എണ്ണുന്നു ,എഴുതുന്നു (100ൽ താഴെ )<br>#100 വരെയുള്ള സംഖ്യകളുടെ എണ്ണൽ ,സങ്കലനം , വ്യവകലനം ,പ്രശ്നാപഗ്രഥനം എന്നിവയിൽ ശേഷി കൈവരിക്കുക<br>#ഗണിത കിറ്റിന്റെ ഉപയോഗത്തോടെ അടിസ്ഥാന ഗണിത ശേഷികൾ ആർജ്ജിക്കുക<br>#രണ്ടക്ക സംഖ്യകളെ വ്യത്യസ്ത രീതിയിൽ സന്ദർഭത്തിനനുസരിച്ച് വ്യാഖ്യാനിക്കുന്നു .<br>#കലണ്ടർ നോക്കി നിശ്ചിത തിയ്യതി ,ദിവസം ,സംഖ്യാ പാറ്റേൺ ,സംഖ്യാബന്ധങ്ങൾ എന്നിവ കണ്ടെത്തുന്നു | ഒരു അവധിക്കാലത്ത്<br>#നാടക ശാല<br>#ഡൈസ് കളി<br>#റാണിയും മക്കളും<br>#വോളി ബോൾ കളി<br>#ഡൊമിനോ കളി<br>#മഞ്ചാടിക്കരയിലെ ഉത്സവം<br>കളിവീട്<br>#ജ്യാമിതിയ രൂപങ്ങൾ കൊണ്ട് വീടിന്റെ ചിത്രങ്ങൾ<br>#കളിവണ്ടിക്ക് നിറം നൽകാം<br>#വീട് പൂർത്തിയാക്കാം<br>#മറഞ്ഞിരിക്കുന്നതാര്<br>#വീട് നിർമാണം<br>#രശീതി എഴുതി നൽകാം<br>#കളിവീട്<br>#അബാക്കസിൽ തുക കാണാം<br>അധികമായാൽ<br>#മാമ്പഴമെത്ര<br>#കുട്ടി എഴുതാം<br>#പോഷകാഹാരം<br>#കണക്കെടുപ്പ്<br>#പട്ടിക പൂർത്തിയാക്കാം<br>#ശുചിത്വ ക്ലബ്<br>#കടയിലേക്ക്<br>#കളങ്ങൾ പൂരിപ്പിക്കൂ<br>#സംഖ്യമാല പൂർത്തിയാക്കൂ<br>#ചൂലുണ്ടാക്കാം<br>#കാർഡ് കളി | ജൂൺ<br>ജൂലായ്<br>ഓഗസ്റ്റ് |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br><br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br><br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br><br>സപ്തംബർ<br><br>മാസത്തിൽ ഒന്ന് വീതം | ടങ്കഎ<br><br>ക്ലാസ് ടീച്ചർ<br><br>SRG<br>ക്ലാസ് ടീച്ചർ | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതിയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം ,വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രി ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ് ) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനഃ കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | • *മനഃ കണക്കുകൾ*<br>• *മഞ്ചാടിക്കളി* | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി പി ടി എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |

# ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
